**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1025** **06-02-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മണ്ഡലത്തിലെ ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ മണ്ഡലത്തിൽ കൂടി കടന്നു പോകുന്ന സംസ്ഥാന ജലപാതയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | കോവളം മുതൽ ബേക്കൽ വരെ കായലുകളെയും പുഴകളെയും ബന്ധിപ്പിച്ച് കൊണ്ട് വിഭാവനം ചെയ്തിട്ടുള്ള വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയുടെ ഭാഗമായി വരുന്ന മാഹി - വളപട്ടണം റീച്ചിൽ അഞ്ചരക്കണ്ടി പുഴയെയും വളപട്ടണം പുഴയെയും ബന്ധിപ്പിക്കുന്നതിനായുള്ള കൃത്രിമ കനാൽ കടന്നുപോകുന്നത് കണ്ണൂർ മണ്ഡലത്തിൽ കൂടിയാണ്. ഈ ഭാഗത്ത് കനാലിന്റെ പെഗ്ഗ് മാർക്കിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സാമൂഹികാഘാത പഠനം നടന്നു വരുന്നു. |
| (ബി) | പ്രസ്തുത ജലപാത എപ്പോൾ നിർമാണം ആരംഭിക്കും; വിശദമാക്കുമോ? | (ബി) | മാഹി - വളപട്ടണം റീച്ചിന്റെ നിർമ്മാണ പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-ന്റെ മേൽനോട്ടത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്നു. ടി. റീച്ചിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ഇതിന്റെ DPR, NATPAC തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ